**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1042** **18-09-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജനവാസ മേഖലയിൽ വർധിച്ചുവരുന്ന വന്യമൃഗ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർക്ഷത്തിനിടെ വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപെട്ടവരുടെയും പരിക്ക് പറ്റിയവരുടെയും എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ; | (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപെട്ടവരുടെയും പരിക്ക് പറ്റിയവരുടെയും എണ്ണം ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം (1) ആയി ചേർക്കുന്നു. മരണങ്ങളിൽ അധികവും വനത്തിന് പുറത്ത് വച്ച് പാമ്പ് കടിയേറ്റുണ്ടായ മരണങ്ങളാണ്. |
| (ബി) | വന്യമൃഗ ആക്രമണത്തിൽ ഉണ്ടായിട്ടുള്ള കൃഷി നാശം ഉൾപ്പെടെയുള്ള നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ആയതിന്റെ വിവരങ്ങളും അത് തടയുന്നതിനു സ്വീകരിച്ചിട്ടുള്ള മാർഗങ്ങളും നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങളും അറിയിക്കാമോ; | (ബി) | ശേഖരിച്ചിട്ടുണ്ട്. മനുഷ്യ – വന്യജീവി സംഘർഷം മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05/04/2018-ലെ സ.ഉ. (കൈ) നം. 17/2018/വനം, 25/10/2022-ലെ സ.ഉ. (കൈ) നം. 50/2022/വനം, 20/01/2024-ലെ സ.ഉ. (കൈ) നം. 03/2024/വനം എന്നിവ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നു. ടി ഉത്തരവുകൾ പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് എന്നിവ മൂലം ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകി വരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്ക് ഏല്ക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ ചെലവ് മുഴുവനായും അനുവദിച്ചു വരുന്നു. സ.ഉ.(കൈ) നം. 02/2015/വനം തീയതി 08/01/2015 പ്രകാരം കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | എന്നാൽ സ.ഉ.(സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്ന രീതിയും പാമ്പുകടി, തേനീച്ച / കടന്നൽ കുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും പരിഷ്കരിച്ചിട്ടുണ്ട്. വനത്തിന് പുറത്ത് പാമ്പുകടിയേറ്റോ തേനീച്ച / കടന്നൽ എന്നിയുടെ കുത്തേറ്റോ സംഭവിക്കുന്ന ജീവഹാനിക്ക് നൽകുന്ന നഷ്ടപരിഹാരം നാല് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>2021-22 മുതൽ 2025 ജൂലൈ വരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിലെ മരണം, പരുക്ക് മറ്റ് നാശനഷ്ടങ്ങൾ എന്നിവയുടെ എണ്ണവും നൽകിയിട്ടുള്ള നഷ്ടപരിഹാരവും അനുബന്ധം (2) ആയി ചേർക്കുന്നു.<br><br>മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി സ്വീകരിച്ച വരുന്ന നടപടികൾ അനുബന്ധം (3) ആയി നൽകിയിരിക്കുന്നു. |
| (സി) | നാട്ടിൽ വർധിച്ചവരുന്ന കാട്ടുപന്നി ആക്രമണം തടയുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള മാർഗങ്ങൾ അറിയിക്കാമോ? | (സി) | ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ്ലൈഫ് വാർഡനായി ചുമതലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമതലപ്പെടുത്തിയും 1972-ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും, ടി നിയമപ്രകാരം ഷെഡ്യൂൾ 2 ൽ പെട്ട കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ്ലൈഫ് വാർഡൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിന്റെ കാലാവധി 28.05.2025-ലെ സ.ഉ (കൈ)നം. 17/2025-വനം ഉത്തരവ് പ്രകാരം 28.08.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഈ അധികാരം ഉപയോഗപ്പെടുത്തി നാളിതുവരെ സംസ്ഥാനത്ത് കാടിന് പുറത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായ 4734 കാട്ടുപന്നികളെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൊന്ന് ഇല്ലായ്മ ചെയ്തിട്ടുള്ളതാണ്. 07-03-2024 ലെ ഉത്തരവ് നം. (കൈ) 4/2024/DMD പ്രകാരം മനുഷ്യ – വന്യമൃഗ സംഘർഷം പൊതുവിൽ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ, അപകടകാ- |

| | | | |
|---|---|---|---|
| | | | രികളായ കാട്ടുപന്നികളെ കൊല്ലുന്നതിന് അംഗീകൃത ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപാ നിരക്കിലും, കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനത്തിൽ 2000 രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി-യുടെ ഫണ്ടിൽ നിന്നും വകയിരുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുവാൻ GO(Rt) No. 108/2025/DMD തീയതി 06/03/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം (1)</u>**

| ക്രമ നം. | ജില്ല | മരണപ്പെട്ടവരുടെ എണ്ണം | പരിക്കേറ്റവരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 26 | 332 |
| 2 | കൊല്ലം | 32 | 444 |
| 3 | പത്തനംതിട്ട | 17 | 273 |
| 4 | ആലപ്പുഴ | 20 | 116 |
| 5 | കോട്ടയം | 16 | 220 |
| 6 | ഇടുക്കി | 29 | 276 |
| 7 | എറണാകുളം | 19 | 463 |
| 8 | തൃശ്ശൂർ | 54 | 613 |
| 9 | പാലക്കാട് | 92 | 649 |
| 10 | മലപ്പുറം | 42 | 517 |
| 11 | കോഴിക്കോട് | 21 | 219 |
| 12 | വയനാട് | 26 | 193 |
| 13 | കണ്ണൂർ | 12 | 298 |
| 14 | കാസർഗോഡ് | 24 | 456 |

<u>**അനുബന്ധം (2)**</u>

*(നഷ്ടപരിഹാര തുക ലക്ഷം രൂപയിൽ)*

| വർഷം | ജീവഹാനി | | പരുക്ക് | | കാലി നഷ്ടം | | കൃഷി / സ്വത്ത് നാശം | | ആകെ നഷ്ടപരിഹാരം |
|---|---|---|---|---|---|---|---|---|---|
| | എണ്ണം | നഷ്ടപരിഹാരം | എണ്ണം | നഷ്ടപരിഹാരം | എണ്ണം | നഷ്ടപരിഹാരം | എണ്ണം | നഷ്ടപരിഹാരം | |
| 2021-22 | 113 | 444.10 | 758 | 254.90 | 514 | 111.66 | 6,580 | 500.21 | 1,310.87 |
| 2022-23 | 89 | 337.31 | 1275 | 245.73 | 637 | 146.66 | 6,863 | 319.16 | 1,048.87 |
| 2023-24 | 76 | 709.26 | 1603 | 603.41 | 807 | 230.11 | 8,141 | 637.02 | 2,179.80 |
| 2024-25 | 67 | 797.00 | 1705 | 578.34 | 466 | 166.67 | 6295 | 538.56 | 2080.57 |
| 2025-26* | 21 | 86.00 | 123 | 77.30 | 109 | 15.19 | 1184 | 70.83 | 249.32 |
| ആകെ | 390 | 2373.67 | 5464 | 1759.68 | 2533 | 670.29 | 29063 | 2065.78 | 6869.43 |

*10/09/2025 വരെ

**അനുബന്ധം**

# മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിന് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ / പ്രവർത്തികൾ

1. **"മിഷൻ സോളാർ ഫെൻസിംഗ് 2024"** - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിംഗുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന തീവ്രയജ്ഞ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ടി യജ്ഞം ആരംഭിച്ചതുമുതൽ നാളിതുവരെ 1155 കി.മീ. സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കി. 794 കി.മീ. നീളത്തിൽ പുതുതായി സോളാർ ഫെൻസിംഗിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി **"മിഷൻ ഫുഡ്, ഫോഡർ & വാട്ടർ"** പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്ന തിലേക്കായി 120.37 കി.മീ സോളാർ ഹാംഗിങ്ങ് ഫെൻസിംഗും 10 കി.മീ റെയിൽ ഫെൻസിംഗും 0.11 കി.മീ അയൺ ഫെൻസിംഗും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

4. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.

5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ചെ XXVII ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടേയും, ട്രാഞ്ചെ XXIX ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടേയും പ്രവൃത്തികൾ നിർമാണ പുരോഗതിയിലാണ്.

6. മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിംഗും, പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിംഗും അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗും നടത്തുന്നുണ്ട്.

7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT കൾ അടക്കം സംസ്ഥാനത്തുടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു. ടി സ്ഥിരം RRT കൾ കൂടാതെ ഫോറസ്റ്റ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRT കളും 24 മണിക്കൂറും സേവനസന്നദ്ധമാണ്.

8. RRT കളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് എല്ലാ ആർ.ആർ.ടി.കളുടേയും നേതൃത്വം പരിചയ സമ്പന്നരായ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലയിൽ ഏല്പിച്ചുകൊണ്ട് 26/05/2025 ന് സർക്കാർ ഉത്തരവായിട്ടുണ്ട്. നേരത്തെ 20 ആർ.ആർ.ടി.കളുടെ ചുമതല സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് ആയിരുന്നതാണ് സർക്കാർ ഉത്തരവിലൂടെ അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത് (സ.ഉ. (സാധാ) നം. 197/2025/വനം തീയതി 26/05/2025).

9. സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21/10/2024-ൽ ബഹു. മുഖ്യമന്ത്രിയുടെമുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ലാൻഡ്സ്കേപ്പ്തല പ്ലാനുകളുടെ അവതരണവും ചർച്ചയും പൂർത്തിയാക്കിയിട്ടുണ്ട്.

10. സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന RRT കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സ.ഉ. (സാധാ) നം. 287/2025/DMD തീയതി 03/05/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

11. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സംസ്ഥാനതല എമർജൻസി ഓപറേഷൻ സെന്റർ (SFEOC), ഡിവിഷൻതലത്തിലെ ഫോറസ്റ്റ് എമർജൻസി ഓപറേഷൻ സെന്ററുകൾ (DFEOCs) എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾക്കുമായി 372.796 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 251/2025/DMD തീയതി 19/04/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

12. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന്റെ ഭാഗകമായി വനം വകുപ്പിലെ വെറ്ററിനറി യൂണിറ്റിന്റെ ശാക്തീകരണത്തിനായി വാഹനവും മറ്റു ഉപകരണങ്ങളും

വാങ്ങുന്നതിലേക്കായി 134 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 265/2025/DMD തീയതി 23/04/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന് പുറമേ വെറ്ററിനറി യൂണിറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള വിവിധ പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 225 ലക്ഷം രൂപ സ.ഉ. (സാധാ) നം. 297/2025/DMD തീയതി 06/05/2025 പ്രകാരവും ഉത്തരവായിട്ടുണ്ട്.

13. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 ൽ നിന്നും ഷെഡ്യൂൾ 2 ലേക്ക് മാറ്റുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

15. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25/02/2024 ലെ സ.ഉ. (കൈ) നം. 9/2024/വനം പ്രകാരം 28/05/2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ്‌ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനം 2000 രൂപയായും വർദ്ധിപ്പിക്കുകയും ആയത് പഞ്ചായത്തുകളുടെ SDRF ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ അനുമതി നൽകിക്കൊണ്ടും സ.ഉ.(സാധാ) നം. 108/2025/DMD തീയതി 06/03/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

17. പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് **"സർപ്പ"** എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച

സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

18. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചു വരുന്നുണ്ട്.

19. ജനവാസ മേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

20. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേഴ്സ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

21. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽ നിന്ന് മാറിതാമസിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

22. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ **"സംസ്ഥാന സവിശേഷ ദുരന്തമായി"** പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിത ഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാകുന്നു.

23. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കു ന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം, തുടങ്ങിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.

24. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിക്കാടുകൾ വളർന്ന് വന്യജീ-വികളുടെ സാന്നിദ്ധ്യത്തിന് സാഹചര്യമൊരുക്കുന്ന ഇത്തരം തോട്ടങ്ങൾ കണ്ടെത്തി ടി പ്രവൃത്തികൾ ഇപ്പോഴും തുടർന്നുവരുന്നു.

25. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

26. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും പാതയോരങ്ങളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

27. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Divisional Forest Emergency Operations Centre - DFEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre - SFEOC) 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു.

28. മനുഷ്യവന്യ-ജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

29. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോർഡിനേഷന്റെ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

30. വന്യമൃഗങ്ങളുടെ സമീപ്യത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

31. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

32. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും, മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം,

വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേൻ മുതലായ സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

33. വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും, 574 വയലുകളും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോടു ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

34. വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ് മുഖേന ₹25 കോടി ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർ പ്രവർത്തികൾ നടക്കുന്നുണ്ട്.

35. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതി പ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലേയും അംഗീകരിച്ച വർക്കിംഗ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിംഗ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5,031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

36. മനുഷ്യ-വന്യമൃഗ സംഘർഷലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റിയർമാർക്കും പരിശീലനം നൽകുന്നതിനായുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്.

37. ഇതോടൊപ്പം തന്നെ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകി വരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി ആകെ 2179 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

38. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പരിപാടികളുടെ ജില്ലാതല അവലോകനത്തിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും യോഗം ചേർന്ന് നടപടികൾ വിലയിരുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിൻ പ്രകാരം ജില്ലാതല സമിതകൾ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

39. പാമ്പുകടി, തേനീച്ച / കടന്നൽ കുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും നഷ്ടപരിഹാര വിതരണ രീതിയും പരിഷ്കരിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

40. ഇതിലുപരിയായി താഴെ വിവരിക്കും പ്രകാരം 10 മിഷനുകൾ നടപ്പിലാക്കാനായി 23/02/2025 ലെ സ.ഉ.(കൈ) നം. 8/2025/വനം പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. മിഷൻ ഫുഡ്, ഫോഡർ & വാട്ടർ (Mission FFW / Mission Food, Fodder & Water)
2. Mission Tribal Knowledge (ഗോത്രഭേരി)
3. Mission Solar Fencing
4. Mission Primary Response Team
5. Mission Real Time Monitoring
6. Mission Sensitization to Public
7. Mission Science on Human Wildlife Conflict
8. Mission Bonnet Macaque
9. Mission Wild Pig
10. Mission SARPA

41. കൂടാതെ 2025 സെപ്തംബർ 16 ന് ആരംഭിച്ച് 45 ദിവസം നീണ്ടുനിൽക്കുന്ന മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞം ആരംഭിച്ചിട്ടുണ്ട്.